നമ്പർ. സി.എൽ.റ്റി(2)20882/18 സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 27/02/2019.

Email: keralarcs.coop@kerala.gov.in
Website: www.co.operation.kerala.gov.in
Tel: No. 04712330726

## സർക്കുലർ നമ്പർ : 12/2019

സർ,

വിഷയം :- സഹകരണ വകുപ്പ് - ഉത്തേജന പലിശയിളവ് പദ്ധതി - കൃത്യമായി തിരിച്ചടക്കുന്നവർക്ക് പലിശ സബ്സിഡി - പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

പരാമർശം :- (1) സഹകരണ സംഘം രജിസ്ട്രാറുടെ 26(എ)/12 നമ്പർ സർക്കുലർ.
(2) രജിസ്ട്രാറുടെ 23/02/13 - ലെ 15/13 നമ്പർ സർക്കുലർ
(3) രജിസ്ട്രാറുടെ 1/7/13 - ലെ 25/13 നമ്പർ സർക്കുലർ

******

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കുകയും ഇത് സംബന്ധിച്ച് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന 1,2,3 പ്രകാരം സർക്കുലർ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി.

ഈ പദ്ധതി പ്രകാരം ആനുകൂല്യം/ഇളവ് ലഭിക്കുന്നതിനായി സൂചന (2) സർക്കുലറിൽ (എ) മുതൽ (എൽ) വരെയുള്ള നിബന്ധനകൾ പാലിക്കുന്നതിനായി വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ടി നിബന്ധനകളിൽ (ഇ), (എഫ്) എന്നിവയിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള വ്യവസ്ഥകൾ സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളും പാലിക്കുന്നില്ലായെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് ഗുരുതരമായ വീഴ്ചയാണ്.

മേൽ സാഹചര്യത്തിൽ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ യഥാസമയം തിരിച്ചടക്കുന്നവരിൽ നിന്നു മുതൽ തുക മാത്രമേ ഈടാക്കാവൂ എന്നും വായ്പ മുതൽ തിരികെ അടക്കുമ്പോൾ തുക മുതലിലേക്കു വരവു വയ്ക്കുകയും പലിശ സർക്കാരിൽ

നിന്നോ നബാർഡിൽ നിന്നോ ലഭിക്കാനുള്ളതായി കണക്കിൽ കാണിക്കേണ്ടതും ലഭിക്കാനുള്ള പലിശയ്ക്ക് ഉടൻതന്നെ അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. പരാമർശത്തിലെ സർക്കുലറുകളിലെ മറ്റ് വ്യവസ്ഥകൾ എല്ലാം തന്നെ കൃത്യമായി പാലിക്കേണ്ടതുമാണ്.

മേൽ വ്യവസ്ഥകൾ പാലിക്കുന്നതിന് സംഘങ്ങൾ /ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകേണ്ടതും ബാങ്കുകൾ/സംഘങ്ങൾ എന്നിവ സർക്കുലർ നിർദ്ദേശം പാലിക്കുന്നുണ്ടോയെന്ന് ജോയിന്റ് രജിസ്ട്രാർമാർ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രതിമാസ പരിശോധനകൾ മുഖാന്തിരം ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്),

എസ്. ഷാനവാസ് ഐ.എ.എസ്

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ്

1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
2. എല്ലാ ജില്ലാ സഹകരണ ബാങ്ക്, ജനറൽ മാനേജർക്കും
3. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക്, ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
4. ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ/വാല്യുവേഷൻ ആഫീസർമാർക്ക് ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
5. ബന്ധപ്പെട്ട എല്ലാ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾക്കും / സർവ്വീസ് സഹകരണ ബാങ്കുകൾക്കും ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
6. ഫിനാൻസ് സെക്ഷൻ
7. ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം
8. സ്റ്റോക്ക് ഫയൽ/സ്പെയർ

*// ആജ്ഞാനുസരണം//*

അസിസ്റ്റന്റ് രജിസ്ട്രാർ (സി. എൽ. റ്റി)

ആർ